ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 20.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ, നിയമസഭാ മണ്ഡല പുനർനിർണയ വിഷയത്തിൽ പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം , ബഹളത്തെ തുടർന്ന് ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Both the Houses were adjourned for the day following uproar by the Opposition in Parliament over the issue of delimitation of Lok Sabha and Assembly constituencies.

2. ഛത്തീസ്ഗഢിൽ രണ്ടിടങ്ങളിൽ നടന്ന ഏറ്റുമുട്ടലുകളിൽ 30 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു, അടുത്ത വർഷത്തോടെ രാജ്യം നക്സൽ മുക്തമാക്കുമന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   30 Maoists killed in two encounters in Chhattisgarh, union home minister Amit Shah says the country will be naxal–free by next year

3. രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞതായി കേന്ദ്ര സർക്കാർ; മികച്ച തൊഴിലവസരങ്ങൾക്കായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതായി കേന്ദ്രമന്ത്രി ശോഭ കരന്ദലജെ

The central government has said that the unemployment rate in the country has come down; Union Minister Shobha Karandlaje said that various schemes are being implemented for better employment opportunities.

4. കേരളത്തിൽ കടുത്ത ചൂട് തുടരുന്നു. അൾട്രാ വയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോത് രേഖപ്പെടുത്തി കൊല്ലം ജില്ല.

Severe heat wave conditions continue in Kerala. Kollam district recorded the highest level of ultraviolet index.

5. ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി, ഗെയിംസിൽ മാറ്റുരക്കുന്നത് 1,300 ലേറെ പാരാ അത്‌ലറ്റുകൾ.

The second edition of the Khelo India Para Games began in New Delhi with over 1,300 para-athletes participating in the Games.

&&&&&&&&&&&&&&&&&&

## PAR-ADJOURN

ലോക്‌സഭാ, നിയമസഭാ മണ്ഡല അതിർത്തി നിർണ്ണയം സംബന്ധിച്ച പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിഷേധം കണക്കിലെടുത്ത് ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ച ലോക്‌സഭ വീണ്ടും സമ്മേളിച്ചപ്പോൾ ഡിഎംകെ എംപിമാർ മുദ്രാവാക്യങ്ങളെഴുതിയ ടീ ഷർട്ട് ധരിച്ചാണ് എത്തിയത്. അംഗങ്ങളുടെ വസ്ത്രധാരണത്തെ സ്പീക്കർ ഓം ബിർള വിമർശിച്ചു. രാജ്യസഭയിലും സമാന

അന്തരീക്ഷമായിരുന്നു. ബഹളം രൂക്ഷമായതോടെ ഇരുസഭകളും ഇന്നത്തേക്ക് പിരിയുകയായിരുന്നു.

&&&&&&&&&&&&&&&&&&

## KERALA ASSEMBLY – WALKOUT

അങ്കൺവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിമാസ വേതനം 21,000 രൂപയാക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ പരിഗണിക്കണമെന്ന് പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടു. അങ്കൺവാടി ജീവനക്കാരുടെ ജോലി ഭാരത്തിൽ കഴിഞ്ഞ 10 വർഷത്തിൽ വലിയ വർധന ഉണ്ടായതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം 2700 രൂപ മാത്രമാണെങ്കിലും, അങ്കൺവാടി വർക്കർമാർക്ക് 13,000 രൂപ വരെയും, ഹെല്പർമാർക്ക് 9,000 വരെയും ഓണറേറിയം സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്നും മന്ത്രി പി രാജീവ് മറുപടി നൽകി.

&&&&&&&&&&&&&&&&&&

## CHHATTISGARH ENCOUNTER

ഛത്തീസ്ഗഢിൽ രണ്ടിടങ്ങളിൽ നടന്ന ഏറ്റുമുട്ടലുകളിൽ 30 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ബിജാപൂർ, ദന്തേവാഡ ജില്ലകളിലെ അതിർത്തി പ്രദേശത്തുള്ള വനങ്ങളിൽ മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടെന്ന ഇന്റലിജൻസ് വിവരത്തെത്തുടർന്ന് സുരക്ഷാ സേന നടത്തിയ പരിശോധനയ്ക്കിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഏറ്റുമുട്ടലിനിടെ ജില്ലാ റിസർവ് ഗാർഡിലെ ഒരു ജവാനും വീരമൃത്യു വരിച്ചു. പ്രദേശത്ത് നിന്ന് 26 മാവോയിസ്റ്റുകളുടെ മൃതദേഹം കണ്ടെടുത്തു. നിരവധി ആയുധങ്ങളും സ്ഫോടകവസ്തുക്കളും പിടിച്ചെടുത്തു. അതേസമയം, ഛത്തീസ്ഗഢിലെ കാങ്കർ ജില്ലയിൽ നടന്ന വെടിവെയ്പ്പിൽ നാല് മാവോയിസ്റ്റുകളെ സൈന്യം വധിച്ചു. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

**SHAH – NAXAL**

നക്സലൈറ്റുകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനവുമായി സർക്കാർ മുന്നോട്ട് പോകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഛത്തീസ്ഗഢിലെ ബിജാപൂരിലും കാങ്കറിലും സുരക്ഷാ സേന നടത്തിയ ഓപ്പറേഷനുകളെ അദ്ദേഹം അഭിനന്ദിച്ചു. 2026 മാർച്ച് 31 ഓടെ രാജ്യം പൂർണ്ണമായും നക്സൽ മുക്തമാകുമെന്നും ശ്രീ ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&

**PUNJAB – FARMERS – INDUSTRY**

ശംഭു, ഖനൗരി അതിർത്തി പോയിന്റുകളിൽ നിന്ന് കർഷകരെ ഒഴിപ്പിച്ച സംസ്ഥാന സർക്കാരിന്റെ നടപടി സ്വാഗതം ചെയ്ത് പഞ്ചാബിലെ വ്യവസായികളും പൊതുജനങ്ങളും. ചെക്ക്പോസ്റ്റുകൾ തുറക്കാനുള്ള തീരുമാനത്തെ ലുധിയാന ആസ്ഥാനമായുള്ള വേൾഡ് എംഎസ്എംഇ ഫോറം പ്രസിഡന്റ് ബദീഷ് ജിൻഡാൽ സ്വാഗതം ചെയ്തു. സ്തംഭനാവസ്ഥ കാരണം സംസ്ഥാനത്തിന് പ്രതിമാസം 1,500 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായും, വ്യാപാരം 15 ശതമാനം മുതൽ 20 ശതമാനം വരെ കുറഞ്ഞതായും അദ്ദേഹം പറഞ്ഞു. കർഷക പ്രതിഷേധം കാരണം രണ്ട് അതിർത്തി പോയിന്റുകളും ഏകദേശം ഒരു വർഷത്തിലേറെയായി അടച്ചിരിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

**CENTRE – FARMERS ( INTRO )**

രാജ്യത്തെ കർഷകരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കൃഷി സഹമന്ത്രി ഭഗീരഥ് ചൗധരി. കാർഷിക രംഗത്തിന്റെ ഉന്നമനവും സമൃദ്ധിയുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് പാർലമെന്റിന് പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

(വോയിസ്...)

ശംഭു, ഖനൗരി അതിർത്തികളിൽ പ്രതിഷേധിക്കുന്ന കർഷകരെ കേന്ദ്രം ഒഴിപ്പിച്ചെന്ന പ്രതിപക്ഷ ആരോപണം കേന്ദ്രമന്ത്രി തള്ളി. കർഷകർക്ക് നീതി ആവശ്യപ്പെട്ട് കോൺഗ്രസ് എംപിമാർ പാർലമെന്റ് പരിസരത്ത് പ്രതിഷേധം സംഘടിപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## RS – UNEMPLOYMENT RATE

2017-18 കാലയളവിനെ അപേക്ഷിച്ച് 2023-24 ൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് ആറ് ശതമാനത്തിൽ നിന്ന് 3.2 ശതമാനമായി കുറഞ്ഞതായി കേന്ദ്ര സഹമന്ത്രി ശോഭ കരന്ദലജെ. ഉൽപ്പാദന മേഖലയിലെ തൊഴിലവസരങ്ങൾ 2022-23 ൽ 6.3 കോടിയായി വർദ്ധിച്ചുവെന്നും കേന്ദ്രമന്ത്രി രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു. മികച്ച തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയാണെന്നും അവർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ASHA WORKERS-STRIKE

സംസ്ഥാനത്ത് 39 ദിവസമായി സമരം ചെയ്യുന്ന ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആവശ്യങ്ങൾ കേന്ദ്ര

ആരോഗ്യ മന്ത്രി ജെ.പി നഡ്ഡയെ നേരിൽ ധരിപ്പിക്കുന്നതിനായി ശ്രീമതി വീണാ ജോർജ് ഇന്ന് ന്യൂഡൽഹിയിലെത്തിയെങ്കിലും, മന്ത്രിയെ കാണാൻ അവസരം ലഭിച്ചിരുന്നില്ല.അതേസമയം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻറെ നേതൃത്വത്തിൽ യുഡിഎഫ് എംഎൽഎ മാർ ഇന്ന് ആശമാരുടെ സമരപ്പന്തലിലെത്തി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## LS-FARMERS

ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട്, 5 ലക്ഷത്തിലധികം കർഷകർക്ക് പ്രയോജനം ലഭിക്കുന്ന 1100-ലധികം അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയതായി കേന്ദ്ര സഹമന്ത്രി രവ്നീത് സിംഗ്. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. 46,000 കോടി രൂപയിൽ കൂടുതൽ പദ്ധതി ചെലവുള്ള 41 മെഗാ ഫുഡ് പാർക്കുകൾക്കും മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RS - FAKE JOB RACKET

രാജ്യത്ത് തൊഴിൽ തട്ടിപ്പ് നടത്തുന്ന മൂവായിരത്തിലധികം നിയമവിരുദ്ധ ഏജൻ്റുമാരെ കണ്ടെത്തിയതായി വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്. ഇ-മൈഗ്രേറ്റ് പോർട്ടൽ

വഴിയും, സമൂഹ മാധ്യമങ്ങളിലൂടെയും വ്യാജ തൊഴിൽ റാക്കറ്റുകളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ കേന്ദ്രസർക്കാർ നൽകുന്നുണ്ടെന്നും അദ്ദേഹം രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**KHELO INDIA PARA GAMES-INTRO**

രാജ്യത്തെ കായിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിൽ ഖേലോ ഇന്ത്യ സംരംഭത്തിന് വലിയ പങ്കുണ്ടെന്ന് കേന്ദ്ര കായികമന്ത്രി മൻസൂഖ് മാണ്ഡവ്യ. രാജ്യത്തെ കായികതാരങ്ങളുടെ പ്രകടനം കൂടുതൽ മികച്ചതാക്കാൻ ഖേലോ ഇന്ത്യയ്ക്ക് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

( ഹോൾഡ്.... )

മൂന്ന് വേദികളിലായി നടക്കുന്ന ആറ് മത്സരയിനങ്ങളിൽ, 1,300 ലേറെ പാരാ അത്ലറ്റുകളാണ് മാറ്റുരയ്ക്കുക. പാരാ ബാഡ്മിൻറൺ മത്സരങ്ങൾ ഇന്ദിരാ ഗാന്ധി സ്റ്റേഡിയത്തിൽ ഇന്ന് രാവിലെ മുതൽ ആരംഭിച്ചു. അത്ലറ്റിക്സ്, ഷൂട്ടിങ്ങ് മത്സരങ്ങൾ നാളെ നടക്കും.

&&&&&&&&&&&&&&&&&&

**BCCI CASH REWARD**

ICC ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റ് കിരീട ജേതാക്കളായ ഇന്ത്യൻ ടീമിന് 58 കോടി രൂപയുടെ പാരിതോഷികം പ്രഖ്യാപിച്ച് ബി സി സി ഐ. ഈ മാസം 9 ന് ദുബായിൽ നടന്ന ഫൈനലിൽ ന്യൂസിലൻഡിനെതിരെ 4 വിക്കറ്റിനായിരുന്നു ഇന്ത്യയുടെ ജയം.

&&&&&&&&&&&&&&&&&&

## WEATHER-HEAT

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. എട്ട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. കൊല്ലം ജില്ലയിലാണ് അൾട്രാ വയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോത് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## JITENDRA BILL GATES

കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ മൈക്രോസോഫ്റ്റ് സഹസ്ഥാപകൻ ബിൽ ഗേറ്റ്സുമായി ചർച്ച നടത്തി. ഇന്ത്യയുടെ ബയോമാനുഫാക്ചറിംഗ് രംഗത്തെ മുന്നേറ്റവും സ്വകാര്യ മേഖലയുടെയും സ്റ്റാർട്ടപ്പ് പങ്കാളിത്തത്തിന്റെയും വിപുലീകരണവും ലക്ഷ്യമിട്ടായിരുന്നു യോഗം. വാക്സിൻ വികസനത്തിലുൾപ്പെടെ ബയോടെക്

മേഖലയിലെ ഇന്ത്യയുടെ മുന്നേറ്റത്തെ ബിൽഗേറ്റ്സ് കൂടിക്കാഴ്ചയിൽ പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## ISRAEL – GAZA

ഗസയിൽ സൈനിക നീക്കം ശക്തമാക്കി ഇസ്രായേൽ. 2023 ഒക്ടോബറിൽ സംഘർഷം ആരംഭിച്ചതിന് ശേഷമുണ്ടാകുന്ന ഏറ്റവും മാരകമായ ആക്രമണ പരമ്പരയാണ് ഇസ്രായേൽ നടത്തുന്നതെന്നാണ് റിപ്പോർട്ടുകൾ. വ്യോമാക്രമണങ്ങളിൽ ഇന്നും കുഞ്ഞുങ്ങളുൾപ്പടെ നിരവധി പേർ കൊല്ലപ്പെട്ടതായാണ് വിവരം.

&&&&&&&&&&&&&&&&&&

## PUNJAB POLICE – AMRITPAL

പഞ്ചാബിൽ പോലീസ് സ്റ്റേഷൻ ആക്രമിച്ച കേസിൽ ലോക്സഭാ എംപി അമൃത്പാൽ സിങ്ങിന്റെ ഏഴ് കൂട്ടാളികളെ പോലീസ് വീണ്ടും അറസ്റ്റ് ചെയ്തു. 2023-ൽ അമൃതസറിലെ അജ്നാല സ്റ്റേഷൻ അക്രമിച്ചതിനാണ് കേസ്. അമൃത്പാൽ സിങ്ങും അദ്ദേഹത്തിന്റെ 10 കൂട്ടാളികളും കഴിഞ്ഞ രണ്ട് വർഷമായി അസമിലെ ദിബ്രുഗഢ് ജയിലിൽ കഴിയുകയാണ്.

&&&&&&&&&&&&&&&&&&

## EPFO–MEMBERS

രാജ്യത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിലെ അംഗങ്ങളുടെ എണ്ണത്തിൽ

വർധനവുണ്ടായതായി കേന്ദ്രസർക്കാർ. ഈ വർഷം ജനുവരിയിൽ ഇപിഎഫ്ഒയിൽ 17 ലക്ഷത്തി എൺപത്തിയൊൻപതിനായിരം അംഗങ്ങളെ ചേർത്തതായി കേന്ദ്ര തൊഴിൽ മന്ത്രാലയം അറിയിച്ചു. 2024 ഡിസംബറിലെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തം അംഗങ്ങളുടെ എണ്ണത്തിൽ 11.48 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

**SENSEX**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 899 പോയിന്റ് ഉയർന്ന് 76,348 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 283 പോയിന്റ് നേട്ടത്തിൽ 23,190 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&